/68756/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി. ഐ എ എസ്.)

വിഷയം:- വനിത ശിശുവികസന വകുപ്പ് – സൈക്കോസോഷ്യൽ പദ്ധതി - സ്കൂൾ കൗൺസിലർമാരുടെ വേനൽക്കാല പ്രവർത്തനങ്ങൾക്കുള്ള യാത്രാബത്ത - തുക അനുവദിച്ച് - ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ. സാധാ നം. 540/2014/സനീവ, തീയതി : 23.08.2014

2 വനിതാ ശിശു വികസന ഡയറക്ടറുടെ 23.09.2022 തീയതിയിലെ ഇതേ നമ്പർ കത്ത്.

3. 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ വിവിധ തീയതികളിൽ സമർപ്പിച്ച TA സംബന്ധിച്ച പ്രോപോസൽസ്

**ഉത്തരവ് നം. DWCD/4211/2022-ICDSA6 തീയതി: 27-11-2022**

സംസ്ഥാനത്തെ സ്കൂൾ കൗൺസിലർമാർക്ക് വെക്കേഷൻ സമയത്ത് അവരുടെ പരിധിയിൽ ഉള്ള അങ്കണവാടികൾ സന്ദർശിച്ച് വേനൽക്കാല പ്രവർത്തനങ്ങൾ (ഏപ്രിൽ - മെയ് മാസങ്ങളിൽ) നടത്തുന്നതിനായി സ്ഥിര യാത്രാബത്തയായി 1500/- രൂപ അനുവദിക്കുന്നതിനു പരാമർശം(1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം സ്കൂൾ കൗൺസിലർമാരുടെ അങ്കണവാടി പ്രവർത്തന ദിവസങ്ങളുടെ അടിസ്ഥാനത്തിൽ യാത്രാബത്തയ്ക്കാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ നിർദേശിച്ചത് പ്രകാരം, നടപ്പുവർഷവും സ്കൂൾ കൗൺസിലർമാർക്ക് വേനൽക്കാല പ്രവർത്തനങ്ങൾ നടത്തിയ വകയിൽ യാത്രാബത്ത അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ലഭ്യമായ പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ നടപ്പുവർഷം സ്കൂൾ കൗൺസിലർമാർക്ക് വേനൽക്കാല പ്രവർത്തനങ്ങൾ നടത്തിയ വകയിൽ ചുവടെ ചേർക്കുന്ന വിധം യാത്രാബത്ത അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക (Rs) |
|---|---|---|
| 1 | തിരുവനന്തപുരം | 72,302/- |
| 2 | കൊല്ലം | 91,562/- |
| 3 | പത്തനംതിട്ട | 51,583/- |
| 4 | ആലപ്പുഴ | 41,426/- |
| 5 | കോട്ടയം | 68,802/- |
| 6 | ഇടുക്കി | 51,155/- |
| 7 | എറണാകുളം | 49,365/- |
| 8 | തൃശ്ശൂർ | 56,318/- |
| 9 | പാലക്കാട് | 68,248/- |
| 10 | മലപ്പുറം | 76,414/- |
| 11 | കോഴിക്കോട് | 66,671/- |
| 12 | വയനാട് | 71,465/- |

/68756/2022

| | | |
|---|---|---|
| 13 | കണ്ണൂർ | 84,587/- |
| 14 | കാസർഗോഡ് | 38,708/- |
| | **ആകെ** | **8,88,606/-** |

(ആകെ എട്ടു ലക്ഷത്തി എൻപത്തിയെട്ടായിരത്തി അറുന്നൂറ്റി ആറു രൂപാ മാത്രം)

മേൽ തുക സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി ബന്ധപ്പെട്ട് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് പ്രൊജക്റ്റ്തല തുക ഉൾപ്പെടുത്തിയ ലിസ്റ്റ് സഹിതം ഉത്തരവാക്കി നൽകേണ്ടതാണ്.

ഇതിലെയ്ക്കാവശ്യമായ തുക നടപ്പുസാമ്പത്തിക വർഷത്തെ 2235-02-102-62-01-04-01 PV ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

തുക വിതരണം ചെയ്തത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം CDPO മാരിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ച 20.12.2022 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും.

പകർപ്പ് :

1. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും.
2. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

Signed by Priyanka G
Date: 27-11-2022 21:52:56